## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 225 — 18/3/2013 ൽ മറുപടിക്ക്

### പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ക്രിമിനൽ കുറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിലാണ് 2012 ൽ ക്രിമിനൽ കുറ്റത്തിന് നടപടി സ്വീകരിച്ചിട്ടുള്ളത്; | (എ) 194 പോലീസ് ഉദ്യോഗസ്ഥരുടെ പേരിലാണ് 2012-ൽ ക്രിമിനൽ കുറ്റത്തിന് നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ബി) ഓരോരുത്തരുടെയും റാങ്ക് അനുസരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ബി) റാങ്ക് അനുസരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>DySP: 1, CI: 0, SI: 26, SCPO: 54, CPO: 91, Dvr: 22 |
| (സി) ഇതിൽ എത്ര പേരെയാണ് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്; | (സി) ഇതിൽ 107 പേരെയാണ് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളത്. |
| (ഡി) സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാർ എത്ര; | (ഡി) സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള 38 പോലീസുദ്യോഗസ്ഥർ ഉണ്ട്. |
| ഇ) അവരുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) അവരിൽ 14 പോലീസുദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും മറ്റുള്ളവരുടെ പേരിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാകുന്നു. |

Rank table for (ബി):

| DySP | CI | SI | SCPO | CPO | Dvr |
|---|---|---|---|---|---|
| 1 | 0 | 26 | 54 | 91 | 22 |

സെക്ഷൻ ഓഫീസർ